**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 483** **17-03-2023 - ൽ മറുപടിയ്ക്ക്**

**എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. അനുപാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. അനുപാതം 2:3 ആയിരിക്കണം എന്ന് സർക്കാരിന്റെ തന്നെ ഗവേഷണ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സസ് കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. അനുപാതം 2:3 ആയിരിക്കണം എന്ന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ കണ്ടെത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സംയോജിത ചരക്ക് സേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവണ്മെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു.<br><br>എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. വിഹിതം 2:3 എന്ന അനുപാതത്തിലാണ് ആയിരിക്കേണ്ടതെന്ന് ടി നിയമം നിഷ്കർഷിക്കുന്നില്ല.<br><br>ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നത് ഒരു സംസ്ഥാന സർക്കാരിന്റെയും നിയന്ത്രണത്തിലുള്ള സംവിധാനമല്ല. ആയത് നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നതിനനുസൃതമായി ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. നിലവിലെ നിയമം അനുസരിച്ച് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംവിധാനം സുഗമമായി നടക്കുന്നുണ്ട്. ഇത്തരം |

| | | | |
|---|---|---|---|
| | | | സെറ്റിൽമെന്റ് മുഖേന സംസ്ഥാനത്തിന് എല്ലാ മാസവും നികുതി വരുമാനം ലഭിക്കുന്നുമുണ്ട്. |
| (ബി) | ഗിഫ്റ്റിന്റെ പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. അനുപാതം 2:3 ആയിരിക്കണം എന്ന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ കണ്ടെത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സംയോജിത ചരക്ക സേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവണ്മെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു.<br><br>എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. വിഹിതം 2:3 എന്ന അനുപാതത്തിലാണ് ആയിരിക്കേണ്ടതെന്ന് ടി നിയമം നിഷ്കർഷിക്കുന്നില്ല.<br><br>ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നത് ഒരു സംസ്ഥാന സർക്കാരിന്റെയും നിയന്ത്രണത്തിലുള്ള സംവിധാനമല്ല. ആയത് നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നതിനനുസൃതമായി ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. നിലവിലെ നിയമം അനുസരിച്ച് ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് സംവിധാനം സുഗമമായി നടക്കുന്നുണ്ട്. ഇത്തരം സെറ്റിൽമെന്റ് മുഖേന സംസ്ഥാനത്തിന് എല്ലാ മാസവും നികുതി വരുമാനം ലഭിക്കുന്നുമുണ്ട്. |
| (സി) | നാളിതുവരെ അൻപതിനായിരത്തിലേറെ കോടി രൂപ എസ്.ജി.എസ്.ടി. ലഭിച്ച സംസ്ഥാനത്തിന് എഴുപത്തി അയ്യായിരം കോടി രൂപ ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിക്കേണ്ടതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംയോജിത ചരക്ക സേവന നികുതി നിയമം, 2017 പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവണ്മെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് |

| | | | |
|---|---|---|---|
| | | | കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ടപ്രകാരം ഇത് നടക്കുന്നു. സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും, പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്ത് മുൻപ് അടച്ച നികുതിയുടെ ക്രെഡിറ്റ് എടുത്ത് എസ്.ജി.എസ്.ടി. അടയ്ക്കുകയും ചെയ്യുമ്പോൾ സപ്ലൈയറുടെ സംസ്ഥാനത്ത് നിന്നും ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തേക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് എന്നത് നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യുന്നതിനനുസൃതമായി ഓട്ടോമാറ്റിക്കായി സംഭവിക്കുന്നതാണ്.<br><br>സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2023 ഫെബ്രുവരി വരെ ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

<u>സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2023 ഫെബ്രുവരി വരെ ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിച്ച വരുമാനം</u> **<u>(തുക കോടിയിൽ)</u>**

| Particulars | From July 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 (February ) |
|---|---|---|---|---|---|---|
| **IGST Settlement** | 6064.97 | 10114.93 | 9926.19 | 9343.07 | 12440.48 | 14582.71 |
| **IGST Ad hoc** | 736 | 2734.36 | 693.52 | 1596.11 | 1657.79 | 1028.23 |
| **Total** | **6800.97** | **12849.29** | **10619.71** | **10939.18** | **14098.27** | **15610.94** |

**സെക്ഷൻ ഓഫീസർ**